**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64** | **18-09-2025 - ൽ മറുപടിയ്ക്ക്**

**ഇടമലക്കുടിയിൽ വീട്ടമ്മയെ ചുമന്ന് ആശുപത്രിയിലെത്തിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്, ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ആര്യാടൻ ഷൗക്കത്ത്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഇടമലക്കുടിയിൽ തിരുവോണനാളിൽ പനി ബാധിച്ച് അവശനിലയിലായ വീട്ടമ്മയെ കിലോമീറ്ററുകൾ ചുമന്ന് ആശുപത്രിയിലെത്തിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | ഇടമലക്കുടിയിലെ കൂടലാർകുടി സ്വദേശികളായ ദമ്പതിമാരുടെ മകൻ പനി ബാധിച്ച് ചികിത്സ കിട്ടാതെ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇടമലക്കുടിയിൽ ദിവസങ്ങൾക്കുള്ളിൽ തന്നെ പ്രസ്തുത സംഭവങ്ങൾ ആവർത്തിച്ചുണ്ടായത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ രണ്ട് സംഭവങ്ങളും ഇടമലക്കുടിയിലെ കൂടലാർകുടി എന്ന ദുർഘട പ്രദേശത്താണ് സംഭവിച്ചിരിക്കുന്നത്. ഇടമലക്കുടിയുടെ ഭൂമിശാസ്ത്രപരമായ ദുർഘടത കാരണം കൂടലാർകുടിയിൽ നിന്നും പ്രധാന റോഡിലേക്ക് എത്തുന്നതിന് നിലവിൽ വനപാത മാത്രമാണുള്ളത്. കൂടലാർകുടിയിൽ നിന്നും വനപാതയിലൂടെ സഞ്ചരിച്ച് ആനക്കുളത്ത് എത്തിയാൽ മാത്രമേ ഇവർക്ക് മാങ്കുളം വഴി അടിമാലിയിൽ എത്താൻ സാധിക്കു. ഈ പ്രദേശത്തേക്ക് റോഡുകൾ നിർമ്മിക്കേണ്ടതുണ്ട്. ആയതിനു വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്.** |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | **ഇടമലക്കുടി പോലെയുള്ള ദുർഘട പ്രദേശങ്ങളിൽ ഉള്ള ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിൽ വകുപ്പ് ശ്രദ്ധ നൽകി വരുന്നുണ്ട്. ഓണക്കാലത്ത് കല്ലാർകുടി ഭാഗത്ത് പനിബാധ ഉണ്ടായി എന്നറിഞ്ഞപ്പോൾ തന്നെ ജില്ലാ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇടമലക്കുടിയുടെ ഭൂമിശാസ്ത്രപരമായ ദുർഘടത മനസിലാക്കി വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.**<br><br>**ഇടമലക്കുടിയിലേക്ക് ആദ്യ ഘട്ടം റോഡ് പെട്ടിമുടി മുതൽ ഇഡലിപ്പാറവരെയുള്ള 7 കിലോമീറ്റർ റോഡ് രാജമല പെട്ടിമുടിയിൽ നിന്നും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. റോഡ് നിർമ്മാണം 4.7 കിലോമീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ദൂരം കൂടി** |

| | | | |
|---|---|---|---|
| | | | **പൂർത്തിയായാൽ രണ്ടാം ഘട്ടമായ ഇഡ്ഡലിപ്പാറ-സൊസൈറ്റിക്കുടി വരെയുള്ള റോഡ് നിർമ്മാണം ആരംഭിക്കാൻ സാധിക്കും. മറ്റ് കുടികളിലേക്കുള്ള റോഡുകൾ കൂടി നിർമ്മിച്ചാൽ പൂർണമായും ഇടമലക്കുടിയിലേക്കുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിന് സാധിക്കും.** |

സെക്ഷൻ ഓഫീസർ